## I. പത്രൊസിന്റെ ലേഖനങ്ങളുടെയും മുഴുവൻ തിരുവെഴുത്തുകളുടെയും കേന്ദ്ര ചിന്ത ജീവനും കെട്ടുപണിയുമാണ്

- ക്രിസ്തുവിൽ ദേഹരൂപമെടുക്കുകയും നമ്മുടെ ആസ്വാദനത്തിനുവേണ്ടി നമ്മിലേക്ക് തന്നെത്തന്നെ പകരുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്ത ത്രിയേക ദൈവമാണ് ജീവൻ; കെട്ടുപണി എന്നത് ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനുവേണ്ടി ദൈവത്തിന്റെ വികാസവും വിപുലീകരണവും എന്ന നിലയിൽ ദൈവത്തിന്റെ ആത്മിക ഭവനമായ, ക്രിസ്തുവിന്റെ ശരീരമായ സഭയാണ്.
- ജീവന്റെ വളർച്ചയും വികാസവും മുഖാന്തരം ജീവന്റെ സമ്പന്നമായ അധികപങ്കും ജീവന്റെ ആവിഷ്കാരവുമായ സഭയുടെ കെട്ടുപണിക്കുവേണ്ടി ജീവനും ദൈവികതയും സംബന്ധിച്ച സകല കാര്യങ്ങളും നമുക്കു നൽകിയിരിക്കുന്ന നമ്മുടെ ഉള്ളിലുള്ള ജീവശക്തിയാണ് ജീവന്റെ വിത്തായ ക്രിസ്തു.

  [2 Pet. 1:3-4] തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ, അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

## II. ജീവനുള്ള കല്ലുകൾകൊണ്ട് പണിയപ്പെട്ട ഒരു ആത്മിക ഭവനമാണ് ദൈവത്തിന്റെ ലക്ഷ്യം

- നമുക്ക് ജീവനെന്ന നിലയിൽ, ക്രിസ്തു അക്ഷയമായ വിത്താണ്; ദൈവത്തിന്റെ കെട്ടിടത്തിന്, അവൻ ജീവനുള്ള കല്ലാണ്.
- പത്രൊസിന്റെ പരിവർത്തനത്തിൽ കർത്താവ് അവന് പത്രൊസ്—ഒരു കല്ല്—എന്ന ഒരു പുതിയ പേരു നൽകി; ക്രിസ്തുവിനെ സംബന്ധിച്ച വെളിപാട് പത്രൊസ് പ്രാപിച്ചപ്പോൾ, താൻ ഒരു പാറയാണെന്ന്—ഒരു കല്ലാണെന്ന്, കർത്താവ് വെളിപ്പെടുത്തി; ഈ രണ്ട് സംഭവങ്ങളിലൂടെ ക്രിസ്തുവും അവന്റെ വിശ്വാസികളും ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയുള്ള ജീവനുള്ള കല്ലുകളാണെന്ന മതിപ്പ് പത്രൊസിന് ലഭിച്ചു.
- ക്രിസ്തുവിലുള്ള വിശ്വാസികളായ നാം വീണ്ടുംജനനത്തിലൂടെയും രൂപാന്തരത്തിലൂടെയും ക്രിസ്തുവിന്റെ തനിപ്പകർപ്പായ ജീവനുള്ള കല്ലുകളാണ്; നാം കളിമണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ടവരാണെങ്കിലും, വീണ്ടുംജനനത്തിൽ നാം ദിവ്യജീവന്റെ വിത്ത് സ്വീകരിച്ചു; നമ്മിൽ വളരുന്നതിലൂടെ അത് നമ്മെ ജീവനുള്ള കല്ലുകളാക്കി രൂപാന്തരപ്പെടുത്തുന്നു.

  [1 Pet. 2:4-5] മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്, നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

## III. ദൈവത്തിന്റെ കെട്ടിടം ജീവനുള്ളതായതിനാൽ, അത് വളർന്നുകൊണ്ടിരിക്കുന്നു; ദൈവത്തിന്റെ ഭവനമായ സഭയുടെ വാസ്തവമായ കെട്ടുപണി വിശ്വാസികളുടെ ജീവനിലുള്ള വളർച്ചയാലാണ്

[Eph. 2:21] അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

- ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ജീവനിൽ വളരുന്നതിന്, നാം കർത്താവിനെ സ്നേഹിക്കുകയും, നമ്മുടെ ആത്മാവിന് ശ്രദ്ധ നൽകുകയും, ജീവന്റെ പാതയിൽ തുടരുവാൻ സകല ജാഗ്രതയോടുംകൂടെ നമ്മുടെ ഹൃദയത്തെ കാത്തുസൂക്ഷിക്കുകയും വേണം.

  [1 Pet. 1:8] അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

  [Prov. 4:23] സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു..

- ക്രിസ്തുവിന്റെ ജീവൻ തടസ്സം കൂടാതെ നമ്മിൽ ആയിരിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മുടെ ഉള്ളിലുള്ള താഴെ പറയുന്ന പ്രതിബന്ധങ്ങളോട് ഇടപെടുവാനും അവയെ നീക്കംചെയ്യുവാനും കഴിയത്തക്കവണ്ണം, ക്രൂശിന്റെ തകർക്കലിനെ, തേജസ്സിന്റെ ആത്മാവായ ക്രിസ്തുവിന്റെ സർവവും-ഉൾക്കൊള്ളുന്ന ആത്മാവിലുള്ള ക്രിസ്തുവിന്റെ കൊല്ലുന്ന മരണത്തെ നാം അനുഭവമാക്കണം: 1) ഒന്നാമത്തെ പ്രതിബന്ധം ജീവന്റെ പാത അറിയാതിരിക്കുന്നതും ക്രിസ്തുവിനെ നമ്മുടെ ജീവനായി എടുക്കാതിരിക്കുന്നതുമാണ്; 2) രണ്ടാമത്തെ പ്രതിബന്ധം കാപട്യമാണ്; 3) മൂന്നാമത്തെ പ്രതിബന്ധം മത്സരമാണ്; 4) നാലാമത്തെ പ്രതിബന്ധം നമ്മുടെ സ്വാഭാവിക കഴിവുകളാണ്.

- ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ജീവനിൽ വളരുന്നതിന്, നാം "എല്ലാ വിദ്വേഷവും, എല്ലാ കളങ്കവും, കാപട്യങ്ങളും, അസൂയകളും, എല്ലാ ദുർഭാഷണങ്ങളും നീക്കിക്കളയണം", ദൈവത്തിന്റെ വചനം എന്ന കളങ്കമില്ലാത്ത പാലിനാൽ നാം പോഷിപ്പിക്കപ്പെടണം.

  [Eph. 6:17-18] ..ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു, സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും, ...

  - കളങ്കമില്ലാത്ത പാൽ വിവേകമുള്ള നമ്മുടെ മനസ്സിന്റെ ഗ്രഹണശക്തിയിലൂടെ നമ്മുടെ അകത്തെ മനുഷ്യനെ പോഷിപ്പിക്കുവാനായി ദൈവവചനത്തിൽ കൊണ്ടുവരപ്പെടുകയും, നമ്മുടെ മാനസിക കഴിവുകളാൽ സ്വാംശീകരിക്കപ്പെടുകയും ചെയ്യുന്നു. അത് നമ്മെ പ്രാകൃതരാക്കാതെ, ദൈവത്തിന്റെ ആത്മികഗൃഹമായി പണിയപ്പെടുവാൻ യോഗ്യരായ ആത്മികരാക്കിക്കൊണ്ട്, ഒടുവിൽ ആത്മാവിനെ പോഷിപ്പിക്കുന്നു. വചനമെന്ന പാൽ ആസ്വദിക്കുന്നതിന്, വചനത്തിലുള്ള അവന്റെ നന്മയോടുകൂടിയ ദൈവത്തെ രുചിക്കുന്നതിന്, സകല പ്രാർഥനയാലും അവന്റെ വചനം നാം സ്വീകരിക്കുകയും അവന്റെ വചനത്തിന്മേൽ ധ്യാനിക്കുകയും വേണം. നാം "കല്ല്-ക്രിസ്തു"വെന്ന നിലയിൽ അവനാൽ രൂപാന്തരപ്പെടുവാനും, ഒരു വിശുദ്ധ പുരോഹിതവർഗമായി ദൈവത്തിന്റെ ആത്മിക ഭവനമായ "ശരീര-ക്രിസ്തു"വായി പണിയപ്പെടുവാനുമായി നമ്മെ പോഷിപ്പിക്കുവാൻ നാം "പാൽ-ക്രിസ്തു"വിനെ ആസ്വദിക്കുന്നു.

    [1 Pet. 2:1-2] അതുകൊണ്ട് എല്ലാ വിദ്വേഷവും എല്ലാ കളങ്കവും, കാപട്യങ്ങളും, അസൂയകളും, എല്ലാ ദുർഭാഷണങ്ങളും നീക്കിക്കളഞ്ഞ്, കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ, രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ.

**IV. പുരോഹിതന്മാരുടെ ഏകോപിത സംഘമായ വിശുദ്ധ പുരോഹിതവർഗം പണിയപ്പെട്ട ആത്മിക ഗൃഹമാണ്; തന്റെ വാസത്തിനായി ദൈവം ഒരു ആത്മിക ഭവനവും തന്റെ സേവനത്തിനായി ഒരു പുരോഹിത സംഘവും, അഥവാ ഒരു സംഘാത പുരോഹിതവർഗവും ആഗ്രഹിക്കുന്നു**

- നാം "തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിതവർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവും ആകുന്നു"—തിരഞ്ഞെടുക്കപ്പെട്ട വംശം എന്നത് ദൈവത്തിൽനിന്നുള്ള നമ്മുടെ വംശപരമ്പരയെയും; രാജകീയ പുരോഹിതവർഗം എന്നത് ദൈവത്തോടുള്ള നമ്മുടെ സേവനത്തെയും; വിശുദ്ധ ജാതി എന്നത് ദൈവത്തിനുവേണ്ടി നാം ഒരു സമുദായമായിരിക്കുന്നതിനെയും; അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനം എന്നത് നാം ദൈവത്തിന് വിലയേറിയവരായിരിക്കുന്നതിനെയും സൂചിപ്പിക്കുന്നു.
- നമ്മുടെ സംഘാത പൗരോഹിത്യ സേവനം എന്നത് അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നമ്മെ വിളിച്ചവന്റെ നന്മകളെ സുവിശേഷമായി ഘോഷിക്കുകയാണ്, അത് നാം "യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ" കഴിയേണ്ടതിനാണ്; ഈ ആത്മിക യാഗങ്ങൾ ഇവയാണ്: 1) പഴയനിയമ മുൻകുറികളായ എല്ലാ യാഗങ്ങളുടെയും യാഥാർഥ്യമായ ക്രിസ്തു അർപ്പിക്കപ്പെടുന്നത്; 2) നമ്മുടെ സുവിശേഷ പ്രസംഗത്താൽ രക്ഷിക്കപ്പെട്ട പാപികൾ, ക്രിസ്തുവിന്റെ അവയവങ്ങളായി അർപ്പിക്കപ്പെടുന്നത്; 3) നമ്മുടെ ശരീരവും, നമ്മുടെ സ്തുതികളും, നാം ദൈവത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങളും അർപ്പിക്കപ്പെടുന്നത്.
- കർത്താവിനുള്ള നമ്മുടെ എല്ലാ പൗരോഹിത്യ സേവനവും, നമ്മിൽനിന്നല്ല, "അളവിന്റെ ദൈവമായ" അവനിൽനിന്ന് ഉത്ഭവിക്കണം; അവന്റെ പുനരുത്ഥാന ജീവൻ നമ്മിലൂടെ മറ്റുള്ളവരിലേക്ക് പകരപ്പെടുവാൻ കഴിയത്തക്കവണ്ണം അവന്റെ മരണം നമ്മിൽ വ്യാപരിക്കുവാൻ നാം അനുവദിക്കുമ്പോൾ, നമ്മുടെ എല്ലാ പൗരോഹിത്യ സേവനവും അവന്റെ നടത്തിപ്പിനും അവന്റെ പരിമിതപ്പെടുത്തലിനും ഒത്തവണ്ണമായിരിക്കണം—

  [2 Cor. 4:12] ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും.

  [2 Cor. 10:13] എന്നാൽ ഞങ്ങൾ ഞങ്ങളുടെ അളവിനപ്പുറമല്ല, അളവിന്റെ ദൈവം നിങ്ങളുടെ അടുക്കലോളം എത്തുവാൻ ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ.